# കടപ്പൂരിന്റെ നാൽ വഴികളിലൂടെ എന്റെ ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ

(ഡോ. ബാബു ജോസഫ്, കിഴക്കേതൊട്ടിയിൽ I. R.S. (Retd)

മീനച്ചിൽ താലൂക്കിന്റെ ഏറ്റവും തെക്കേ അറ്റത്തായി കാണക്കാരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കരയായ കടപ്പൂരാണ് മൂശാരിയേട്ട് കുംബത്തിന്റെ പ്രഭവസ്ഥാനം. കുറവിലങ്ങാട്, കടപ്ലാമറ്റം, വയലാ, കൂടല്ലൂർ, കിടങ്ങൂർ, ഏറ്റുമാനൂർ ഇവയാണ് സമീപ പ്രദേശങ്ങൾ. കൂടല്ലൂർ സെന്റ് ജോസഫ് പള്ളി ഇടവകയിലും കുറവിലങ്ങാട് മർത്ത്മറിയം പള്ളി ഫോറോനായിലും പാലാ എപ്പാർക്കിയിലുമാണ് കടപ്പൂര്

ചെറിയ കൃഷിസ്ഥലങ്ങളുള്ള സാധാരണക്കാരായ ക്രിസ്ത്യാനികളും ഹിന്ദുക്കളുമാണ് ഭൂരിപക്ഷവും. വെള്ളവും വായുവും ഇന്നും ശുദ്ധമാണ്. ഏതാണ്ട് ഒരു അൻപതുവർഷം മുമ്പുവരെ യാതൊരു വിധത്തിലുമുള്ള വികസനപ്രവർത്തനങ്ങളും എത്തിനോക്കാത്ത പ്രദേശമായിരുന്നു ഇത്. മണ്ണുവഴികളും കുണ്ടനിടവഴികളും, പന്നിക്കാഷ്ടം മൂടി മലീമസമായിരുന്നു. നാട്ടുകാരുടെ വക രണ്ടോമൂന്നോ കാളവണ്ടികളായിരുന്നു വാഹനസൗകര്യം. അവയാകട്ടെ അതിരമ്പുഴ ചന്തയിൽ നിന്നും തിങ്കളും വ്യാഴവും പലചരക്കുകയറ്റി വരാനായിരുന്നു പ്രധാനമായും ഉപയോഗിച്ചിരുന്നത്. താളാത്മകമായി കുടമണികൾ കിലുക്കി വണ്ടിച്ചക്രങ്ങളുരുളുന്ന ശബ്ദം.... കൂടല്ലൂർ കവലയിൽ റേഷൻഷോപ്പിന്റെ ഓരത്ത് വൈകുന്നേരങ്ങളിൽ പുൽക്കെട്ടുകളുമായി ചെറുമികൾ.... ഉണക്കമീനിന്റെ ഗന്ധം ... ആ കാളവണ്ടികളുടെ പുറകിൽ കെട്ടിത്തൂക്കിയ മുനിഞ്ഞു കത്തുന്ന ഹരിക്കേൻ വിളക്കുകളുടെ പ്രകാശത്തിൽ എത്രയോ തവണ രാത്രിയിൽ നടന്നു വീടെത്തിയിരുന്നു.

പിന്നീട് റോഡ് മെറ്റലിട്ടശേഷം ആദ്യം 'ഒഴുകേപ്പടി' വരെ ലൈൻ ബസ് ഓടിയത് ഞാൻ പത്താം ക്ലാസിൽ പഠിച്ചിരുന്ന 1963 –64 കാലഘട്ടത്തിലാണെന്നു തോന്നുന്നു. ഓട്ടോറിക്ഷകൾ ആ കാലത്ത് നിരത്തിലിറങ്ങിയിരുന്നില്ല. സ്ക്കൂട്ടറും ബൈക്കും എത്തിയിട്ടില്ല. സൈക്കിൾ പോലും സാധാരണമല്ല. മഠത്തിപ്പറമ്പ് കവലയിൽ പലചരക്കുകടനടത്തിയിരുന്ന കുഞ്ഞേട്ടൻ സൈക്കിളിൽ

അതിരമ്പുഴയ്ക്ക് പോയിട്ട് വരുമ്പോൾ സൈക്കിളിന്റെ പുറകിൽ ഇരിക്കാൻ തരുന്ന "ഫ്രീലിഫ്റ്റ്" കിടങ്ങൂർ സ്കൂളിൽ പോയി വരുമ്പോഴത്തെ ആനന്ദമായിരുന്നു. അത്യാവശ്യക്കാർക്ക് ടാക്സി പിടിക്കണമെങ്കിൽ ഏറ്റുമാനൂർ വരേ പോകണം.

കുടല്ലൂർ, കടപ്പൂര് പ്രദേശങ്ങളിലുള്ളവർ മൂന്നുനാലുകിലോമീറ്ററുകൾ നടന്ന് കുടല്ലൂർകവല (കട്ടച്ചിറ) എത്തിയായിരുന്നു കോട്ടയം-ഈരാറ്റുപേട്ട റൂട്ടിൽ വല്ലപ്പോഴും ഓടിയിരുന്ന ബസ്സ് പിടിച്ചിരുന്നത്. ദൂരങ്ങൾ മൈലും ഫർലോങ്ങുമായി അളന്നിരുന്നു. ഏറ്റുമാനൂർ ചിറയിൽകാരുടെ "ഈ. എം. എസും" കോട്ടയംകാരുടെ വലിയ മൂക്കും ഇളംനീലനിറവുമുള്ള "സ്വരാജ് മോട്ടോർ സർവീസു"മായിരുന്നു പ്രധാനബസുകൾ. നിരത്തുകളിൽ കാറുകൾ അത്യപൂർവ്വം.

കടപ്പൂര് ആദ്യമായി വൈദ്യുതി എത്തിയത് 1969 നോടുകൂടിയായിരുന്നു. ആദ്യമാദ്യം മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പോലെയേ ബൾബുകൾ പ്രകാശിച്ചിരുന്നുള്ളു. അക്കാലത്ത് കടപ്പൂര് ആർക്കും ടെലിഫോൺ ഇല്ലായിരുന്നു. എനിക്ക് പത്തുവയസോളം ഉണ്ടായിരുന്നപ്പോൾ ടെലിഫോൺ കാണണമെന്നും അതിൽ സംസാരിക്കണമെന്നുമുള്ള അദമ്യമായ ആഗ്രഹത്തേതുടർന്ന് എന്റെ പിതാവ് കോട്ടയത്തുള്ള അദ്ദേഹത്തിന്റെ ഒരു സുഹൃത്തിന്റെ സ്ഥാപനത്തിൽ കൊണ്ടുപോയി ടെലിഫോണിൽ സംസാരിപ്പിച്ചത് ഓർമ്മയിൽ ഇന്നും സജീവമാണ്. ആശുപത്രികളോ ക്ലിനിക്കുകളോ ഇല്ലാതിരുന്നതിനാൽ ചികിത്സകൾ നാട്ടുവൈദ്യത്തിലും പ്രാർത്ഥനകളിലും ഒതുങ്ങിനിന്നു.

1961 -ൽ ഞാൻ 7-ാം ക്ലാസ് പാസ്സായപ്പോൾ കടപ്പൂര് ഹൈസ്കൂൾ ഇല്ലായിരുന്നു. കിടങ്ങൂരോ ഏറ്റുമാനൂരോ കാൽനടയായി പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തേണ്ടിയിരുന്നു. എനിക്കു മുമ്പത്തേ തലമുറ കുറവിലങ്ങാടുവരെ നടന്നുപോയി സ്കൂൾ വിദ്യാഭ്യാസം നടത്തിയിരുന്നു. സ്കൂൾബസ്സുകളോ വിദ്യാർത്ഥികളെ വാഹനങ്ങളിൽ സ്കൂളിലെത്തിക്കുന്ന പതിവോ അന്നില്ലായിരുന്നു.

സാധാരണക്കാരന്റെ ക്രയവിക്രയങ്ങൾ ബുധനും ശനിയും കൂടിയിരുന്ന കൂടല്ലൂർ ചന്തയിലായിരുന്നു. ഇപ്പോഴത്തേ സാൻജോസ് ഓഡിറ്റോറിയത്തിനു പുറകിൽ നേർക്കുനേർ തിരിഞ്ഞിരുന്ന കടമുറിപീടികകളും അവയ്ക്കു മുമ്പിൽ ചണച്ചാക്കുവിരിച്ച് തുലാസും തൂക്കുകട്ടകളും മുക്കാലിയിൽ തൂക്കിയ പച്ചക്കറി കച്ചവടക്കാരും, നാടൻകോഴി, താറാവ്, ചക്കര, ശർക്കരപായ, പനമ്പ് വില്പനക്കാരും നിരന്നിരുന്നു. റബ്ബറും, ഒട്ടുപാലും, കുരുമുളകും,

കശുവണ്ടിയും അടയ്ക്കയും മറ്റും വാങ്ങുന്ന മലഞ്ചരക്കു വ്യാപാരികളും ചന്തയിലുണ്ടായിരുന്നു. നാരങ്ങാ, ജീരക, പല്ലിമുട്ടായികളും വീട്ടിലേക്കു വാങ്ങുന്ന ശർക്കരയുടെ പൊതി പൊട്ടിച്ചെടുക്കുന്ന ശർക്കര ഉണ്ടയും മറ്റും അന്ന് കാഡ്ബറി ചോക്കളേറ്റിനേക്കാൾ മാധുര്യമൂറുന്നവയായിരുന്നു.

ചന്തയിൽ മേരിമഹാളെന്ന കെട്ടിടവും അതിലെ ഹോട്ടലും, പല ചരക്കുകടയും, വളക്കടയും മറ്റും പിന്നീട് വന്നവയാണ്. ചന്ത ദിവസങ്ങളിൽ ഇവ തിരക്കേറിയവയായിരുന്നു. ഈ കടകളിൽ പലതും ഇന്നില്ല. മൂശാരിയേട്ടു കുടുംബത്തിനും ഒരു ലൈൻ കട മുറികൾ ചന്തയിലുണ്ടായിരുന്നു. എളുക്കാലാ, വലിയപറമ്പിൽ, കിഴക്കേതൊട്ടിയിൽ ശാഖകളിലെ കാരണവന്മാർ അവിടെ അങ്ങാടിമരുന്നുകടയും പലചരക്കുകടയും മറ്റും നടത്തിയിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്.

കിഴക്കേതൊട്ടിയിൽ ശാഖയുടെ കടമുറി പിന്നീട് എന്റെ പിതാവിന്റെ വീതത്തിന് കിട്ടുകയും അതിരമ്പുഴക്കാരൻ ഒരു ജോസഫ് ചേട്ടൻ അവിടെ ഒരു ബോർമ്മ (ഇന്നത്തേ ബേക്കറി) നടത്തുകയും ചെയ്തിരുന്നു. കടയിൽ തന്നെ കുടുംബമായിട്ടായിരുന്നു അങ്ങേരുടെ താമസം. വാടക കിട്ടാതെ വന്നപ്പോൾ റസ്ക്കും ടീ ബിസ്ക്കറ്റും മറ്റും അയാൾ വാടകയ്ക്കു പകരമായി തരുന്നതും ഇന്നും ഓർക്കുന്നു. പനിവരുമ്പോൾ പത്രക്കടലാസുകൊണ്ട് ഒരു പ്രത്യേക രീതിയിൽ പൊതിഞ്ഞ ഉണക്കറൊട്ടി അവിടെ നിന്നായിരുന്നു വാങ്ങിയിരുന്നത്. ഈ കടമുറികൾക്കെല്ലാം കൂടല്ലൂർ പള്ളിയിലേക്ക് തറവാടക കൊടുക്കണമായിരുന്നു. കടമുറിയിൽ തയ്യൽകട നടത്തിയിരുന്ന ചേന്നിയാശാനും, പിള്ളേച്ചനും, ടാക്സി ഓടിക്കാനും മറ്റും ഏറ്റുമാനൂരേക്കു ചേക്കേറുകയും ബോർമ്മ നിന്നുപോകുകയും ചെയ്തപ്പോൾ കടമുറികളും മൂക്കുകുത്തി വീണു. പിന്നീട് തറകൾ പള്ളിയിലേക്കുതന്നെ എഴുതിക്കൊടുത്തു.

ദീപികയായിരുന്നു അന്നത്തേ പത്രം. പത്രവരിക്കാർ നന്നേ കുറവായിരുന്നു. ഞായറാഴ്ചകളിൽ വീടുകളിൽ പത്രം ഇടുന്ന പതിവ് ഇല്ലായിരുന്നു. ശിവൻ ആയിരുന്നു പത്രം ഏജന്റ്. ശിവൻ പത്രവുമായി പള്ളിത്താഴെ നിൽക്കും. പത്രവരിക്കാർ കുർബ്ബാനക്കുശേഷം അവനവന്റെ പത്രം വാങ്ങികൊണ്ടുപോകണം.

കൃഷിയല്ലാതെ മറ്റൊരു വരുമാനമാർഗ്ഗം അന്നുണ്ടായിരുന്നില്ല. എന്റെ പിതാവ് കുഞ്ഞേപ്പ് എന്നു വിളിച്ചിരുന്ന കെ. പി ജോസഫ് ആയിരുന്നു കടപ്പൂരുനിന്നും ആദ്യം എസ് എസ് എൽ സി പാസ്സായത്. അദ്ദേഹം കുറവിലങ്ങാട് ഹൈസ്കൂളിൽ അന്തിച്ച മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ സമകാലീകനായിരുന്നു. പിന്നീട്

മുതുകാട്ടിൽ കൊച്ചേപ്പു ചിറ്റപ്പനും (എം. ഡി. ജോസഫ്) തുണ്ട ത്തിലേട്ട് മാണിച്ചേട്ടനും പട്ടാളത്തിൽ ഉദ്യോഗസ്ഥരായിരുന്നു. കോടതിയിൽ ഉദ്യോഗസ്ഥനായിരുന്ന എന്റെ പിതാവ് കുറച്ചുകാലം ഏറ്റുമാനൂർ ടൗണിൽ അതിരമ്പുഴ റോഡിൽ വാടകയ്ക്ക് താമസി ച്ചിരുന്ന ഒരു പഴയവീടും ഒന്നരയേക്കർ സ്ഥലവും കൂടി 500 രൂപയ്ക്ക് വാങ്ങിപ്പിക്കാൻ ഉടമസ്ഥൻ പുറകേ നടന്നിരുന്നു എന്നുള്ള ചരി ത്രങ്ങൾ അദ്ദേഹം എന്നോട് പറഞ്ഞിരുന്നു. അന്നത്തേ മാസശ മ്പളം 40 രൂപയായിരുന്നു എന്നതും ഓർക്കണം. കാരണവന്മാരേ നോക്കാനുള്ള ഉത്തരവാദിത്വം ഉണ്ടായിരുന്നതിനാൽ അവരും ഏറ്റു മാനൂരേ പുരയിടം വാങ്ങാൻ ഉത്സാഹിപ്പിച്ചില്ല. 65 വർഷങ്ങൾക്കു ശേഷം ഇന്ന് കോടികളാണ് അതിനു വിലവരുക എന്ന് അക്കാ ലത്ത് ഊഹിക്കാൻ പോലും സാദ്ധ്യമല്ല.

റബ്ബർ ഒരു കൃഷിയായി തുടങ്ങിയ കാലത്ത് പുരയിടത്തിന്റെ അതിരുകളിൽ മാത്രമാണ് വച്ചിരുന്നത്. ഉത്പാദനം വളരെ കുറഞ്ഞ ക്ലോണൽ വിത്തുകൾ മാത്രമേ അന്ന് കിട്ടുമായിരുന്നുള്ളൂ. റാത്ത ലിന് (454 ഗ്രാം) ഒരു രൂപയോ ഒന്നര രൂപയോ മാത്രമാണ് വിലകി ട്ടിയിരുന്നത്. സാധാരണ മനുഷ്യന്റെ ജീവിതം നെൽക്കൃഷിയോടു ബന്ധപ്പെട്ടാണ് പ്രധാനമായും നിലനിന്നിരുന്നത്. പാടം ഒരുക്കാനും നെല്ലുവിതക്കാനും കൃഷികാവലിനും കൊയ്തുമെതിക്കാൻ പെണ്ണാ ളുകൾക്കും ഒരു കുറവുമുണ്ടായിരുന്നില്ല. ചാണകവും ചാഴിപ്പൊടി യുമല്ലാതെ മറ്റൊരു വളമോ കീടനാശിനിയോ ഉപയോഗിക്കേണ്ടി വന്നിരുന്നില്ല. മൂടൽ മഞ്ഞിന്റെ നേർത്ത പാളികളിലൂടെ കിനിഞ്ഞി റങ്ങുന്ന നിലാവെളിച്ചത്തിൽ പാതിരാകഴിഞ്ഞാലും പാടവമ്പുക ളിലുയർന്നിരുന്ന തേക്കുപാട്ടിന്റെയും ചക്രപ്പാട്ടിന്റെയും താളലയ ത്തിലൂയലാടി എത്രയോ രാത്രികളിലാണ് വീണ്ടും ഉറക്കത്തിലേക്ക് വഴുതി വീണിരുന്നത്. ആ മാസ്മരികമായ അനുഭവങ്ങൾ പുതുത ലമുറയ്ക്ക് അന്യമാണ്.

പാടത്തെ കൈത്തോടുകളിലൂടെ കണ്ണാടിപോലെ തെളിഞ്ഞ് ഒഴുകിയിരുന്ന വെള്ളത്തിൽ ഒഴുക്കിനെതിരെ നീന്തിക്കേറിയിരുന്ന പരൽമീനുകളുടെ പുറകേ എത്ര ഓടി നടന്നിരിക്കുന്നു. പുലർകാ ലത്ത് ആ ചെറുചൂടുവെള്ളത്തിൽ കുളിച്ചാൽ എത്രയായാലുംമതി വരുകയില്ല. ചക്കരയിട്ട് തിളപ്പിച്ചടിഞ്ഞ സ്വർണ്ണനിറമുള്ള കട്ടൻ കാപ്പി മൊത്തിക്കുടിച്ച് അടിയിൽ തീ കൂട്ടിയ ദോശക്കല്ലിൽ തലേദിവസം ആട്ടുകല്ലിൽ ആട്ടിയെടുത്ത ദോശമാവുകൊണ്ട് അമ്മ ദോശ ചുടു ന്നതുംനോക്കി അടുപ്പിന്നരികിൽ എത്ര തീ കാഞ്ഞു നിന്നാലും തണുപ്പ് മുഴുവനും മാറാത്ത കാലാവസ്ഥയായിരുന്നു അക്കാലത്ത്, അവധിദിവസങ്ങളിൽ തീകായാൽ തലേദിവസം വൈകിട്ടുതന്നെ

കരിയില അടിച്ചുകൂട്ടി അതിരാവിലെ തീയിട്ട് അതിനുചുറ്റും ഞങ്ങൾ പിള്ളേർ ഒത്തുകൂടും. ഇന്ന് കാലാവസ്ഥ വളരെയധികം മാറി. ഫാനും എയർകണ്ടീഷനറുമൊക്കെയില്ലാതെ ജീവിക്കാൻ വയ്യാതായി.

മറ്റുപ്രധാനകൃഷികൾ കപ്പ, വാഴ, ഇഞ്ചി, കുരുമുളക് തുടങ്ങിയവയും നടുതലകൃഷികളുമായിരുന്നു. കപ്പപ്പയറും ഇഞ്ചിപ്പയറും നിത്യവഴുതനയും മുരിങ്ങക്കായും ഒക്കെകൂടിയാകുമ്പോൾ പച്ചക്കറികളൊന്നും വിലകൊടുത്തു വാങ്ങേണ്ട ആവശ്യം ഇല്ലായിരുന്നു. വീട്ടിലെ വലിയ വയസ്സൻ മുരിങ്ങയുടെ ചുവട്ടിൽ രാത്രിയിൽ വീഴുന്ന പൂക്കൾ രാവിലേ തന്നെ പെറുക്കിയെടുക്കാൻ ഞങ്ങൾ കുട്ടികൾ മത്സരിക്കുമായിരുന്നു. വീട്ടിലെ കോഴി ഇടുന്ന മുട്ട പൊട്ടിച്ചു ചേർത്ത് അമ്മ അത് തോരൻ വച്ചു തരുമായിരുന്നു. സ്കൂൾ വിട്ടുവരുമ്പോൾ നാലുമണിക്കാപ്പിയ്ക്കൊപ്പം പച്ചക്കപ്പയും പച്ചപയറും നടുതലക്കിഴങ്ങുകളും ചേർത്ത് അമ്മ ഉണ്ടാക്കിത്തന്നിരുന്ന പുഴുക്കിന്റെ രുചി മരിച്ചാലും നാക്കിൽ നിന്ന് പോവില്ല എന്നു ഞങ്ങൾ പറയും.

നാടൻ മാവുകളിലെ മാങ്ങയും മാമ്പഴവും സുലഭമായിരുന്നതുകൊണ്ട് കാൻസർ വിളയുന്ന മറുനാടൻ മാങ്ങകൾ മാർക്കറ്റുകളിൽ എത്തിയിരുന്നില്ല. പഞ്ചസാര റേഷൻ കടയിൽ മാത്രമേ കിട്ടിയിരുന്നുള്ളു. ബാക്കി അന്ന് സുലഭമായിരുന്ന നാടൻ ശർക്കര ഉപയോഗിച്ചായിരുന്നു പലഹാരങ്ങൾ. അതും, നാട്ടിൽ തന്നെ ചക്കാട്ടി, പറ്റിച്ച് ഉരുട്ടി എടുക്കുന്നത്. ചക്കയും ചക്കക്കുരുവും 'antioxidants' ആയി മനുഷ്യശരീരത്തിൽ കാൻസറിനെതിരേ പ്രവർത്തിക്കുന്ന ചില രാസപദാർത്ഥങ്ങൾ ഉൾക്കൊള്ളുന്നതാണ് എന്ന് പാരീസിൽ ഒരു കൂട്ടം ഫ്രഞ്ച് ഗവേഷകർ അടുത്തകാലത്ത് കണ്ടെത്തുന്നതിന് എത്രയോ മുമ്പ് അവ നമ്മുടെ ദൈനംദിന ഭക്ഷണത്തിന്റെ ഭാഗമായിരുന്നു. ജൈവകൃഷിരീതികൾ അവലംബിച്ചിരുന്നതുകൊണ്ടും വയലേലകളിലും കൃഷിഭൂമികളിലും പകലന്തിയോളം അധ്വാനിച്ചിരുന്നതുകൊണ്ടും മാനസിക പിരിമുറക്കങ്ങൾക്ക് അടിമപ്പെടാതെ ദൈവോന്മുഖമായ ജീവിതചിന്തകളോടേ ജീവിച്ചിരുന്നതുകൊണ്ടും നമ്മുടെ കാരണവന്മാർ ആരോഗ്യമുള്ള ദീർഘായുഷ്മാന്മാരായിരുന്നു.

എന്റെ തലമുറ കടന്നുപോയ കാലത്തിന്റെ നന്മകളും തിന്മകളും അനുഭവിച്ചവരാണ്. നഷ്ടസ്വർഗ്ഗത്തിൽ കഥ പറയുമ്പോൾ അന്നത്തെ കഷ്ടപ്പാടുകളും കാണാതെ പോകുന്നില്ല. ഇന്ന് ടിവിയും മൊബൈൽഫോണുകളും, ഇന്റർനെറ്റും, ബൈക്കും, കാറും, ഫാസ്റ്റ്ഫുഡും മറ്റും നമ്മുടെ ജീവിതത്തെ കീഴടക്കിയിരിക്കുന്നു.

ഇതൊന്നുമില്ലാതിരുന്ന കാലവും ഞങ്ങൾ കണ്ടിരിക്കുന്നു. കഴിഞ്ഞ അമ്പതുവർഷങ്ങളിലെ മനുഷ്യരാശിയുടെ വളർച്ച അഭൂതപൂർവ്വമാണ്.

വല്യപ്പൻമാരുടെ തലമുറകൾ കടന്നുപോയത് ഇതൊന്നും കാണാതെയാണ്. അക്ഷരാഭ്യാസം ഉണ്ടായിരുന്നത് അഞ്ചപ്പന്മാരിൽ ചിലർക്കുമാത്രം. ആധുനിക ജീവിതത്തിന്റെ പൊടിപ്പും തൊങ്ങലും ഒന്നും ഇല്ലാതെ പച്ചയായി ജീവിച്ചിരുന്നമനുഷ്യർ. പരുത്തിനൂലില്ലാതിരുന്നതിനാൽ കൈതനാരുകീറി മുണ്ടിലേ കീറൽ തുന്നിച്ചേർത്തിരുന്നവർ. ഒറ്റമുണ്ടും കച്ചത്തോർത്തുമായി പള്ളിയിൽ പോയിരുന്നവർ കുടുംബവും ദൈവാലയവും മാത്രമായിരുന്നു അവരുടെ ചക്രവാളസീമയിലുണ്ടായിരുന്നത്. താന്താങ്ങളുടെ കൃഷിസ്ഥലത്ത് പൊന്നു വിളയിച്ചിരുന്നവർ; പെരുനാളും, ചാത്തവും, മുത്തിയൂട്ടും മുറതെറ്റാതെ നടത്തിയവർ; സ്വന്തവും ബന്ധവും മറക്കാതെ വിരുന്നെത്തിയിരുന്നവർ; വിശേഷാവസരങ്ങളിൽ സ്വന്തക്കാരുടെ വീടുകളിലേക്ക് കാലേകൂട്ടി എത്തിചേർന്നു സ്വന്തം ആവശ്യമെന്നു കണക്കാക്കി പന്തലിടാനും വച്ചുവിളമ്പാനും കൂടിയവർ.

ഈ ജീവിതം ഇന്ന് എല്ലാം മാറ്റിമറിച്ചിരിക്കുകയാണ്. പുതുതലമുറയിലെ ഒരു വിഭാഗം കുടുംബത്തിൽപെട്ടവരേപ്പോലും കണ്ടാൽ പരിചയഭാവം പോലും നടിക്കുകയില്ല. അവരെല്ലാം മൊബൈലിലും നെറ്റിലുമൊക്കെ എന്തൊക്കെയോ എപ്പോഴും പരതുകയാണ്; ജീവിത വ്യഗ്രതകളിൽ ഓടിനടക്കുകയാണ്. ഒരു പക്ഷേ അത് അവരുടെമാത്രം കുറ്റമല്ലായിരിക്കാം. നഗരങ്ങളിൽ തൊട്ടടുത്ത് താമസിക്കുന്നവർ ആരെന്നുപോലും പലപ്പോഴും അറിയില്ലല്ലോ. ആ സംസ്ക്കാരം ഗ്രാമങ്ങളിലേക്കും താമസിയാതെ കടന്നു കയറും പക്ഷേ ഈ ഒറ്റപ്പെടലിന് ഓരോരുത്തരും വലിയവിലകൊടുത്തേ തീരൂ. അത് ഓട്ടം തീരാറാകുമ്പോൾ മാത്രം. ഒന്നു നാം മനസ്സിലാക്കണം, ഒറ്റപ്പെടലിന്റെ വേദന എന്റെ തലമുറയ്ക്ക് മുമ്പുണ്ടായിരുന്നവർക്ക് അന്യമായിരുന്നു; കാരണം അന്നത്തെ സാമൂഹ്യജീവിതത്തിന്റെ കെട്ടുറപ്പുതന്നെ.

പഴയ ജീവിതക്രമങ്ങൾ പുതിയ ചടുല ജീവിതശൈലികൾക്ക് വഴിമാറിയെങ്കിലും നമ്മുടെ പുതിയ തലമുറകൾക്ക് ഊഷ്മളമായ കുടുംബബന്ധങ്ങൾ അന്യമാകാൻ പാടില്ല. അതോടൊപ്പം നമ്മുടെ മുൻ തലമുറകൾ എങ്ങനെ ജീവിച്ചിരുന്നുവെന്നും നാമെങ്ങനെ ജീവിച്ചിരുന്നുവെന്നും വരും തലമുറകളും അറിയട്ടെ. കുടുംബചരിത്രവും കുടുംബയോഗങ്ങളും അതിനാൽ തന്നെ അത്യന്തം പ്രാധാന്യമർഹിക്കുന്നവയാണെന്ന് നിസംശയം പറയാം.